6. Container Freight Station, Ernakulam- KSIE- 2013 മേയ് മാസത്തിൽ വ്യവസായിക പ്രവർത്തനം ആരംഭിച്ചു. 2013-14 സാമ്പത്തിക വർഷം 7588 കണ്ടെയ്നർ കൈകാര്യം ചെയ്ത് 216.58 ലക്ഷം രൂപ വിറ്റുവരവ് നേടുകയും 0.79 ലക്ഷം രൂപയുടെ പ്രവർത്തന ലാഭം നേടുകയും ചെയ്തു. ആലപ്പുഴയിലെ കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, കണ്ണൂർ പിണറായിലെ ഹൈടെക് വീവിംഗ് മിൽ, കാസർഗോഡ് ഉദുമ ടെക്സ്റ്റയിൽ മിൽ, എന്നീ മൂന്ന് സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം വാണിജ്യാടിസ്ഥാനത്തിൽ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

(ബി&സി) ഇല്ല. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തി കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള ദീർഘവീക്ഷണത്തോടെയുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി അവയുടെ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണമുൾപ്പെടെയുള്ള നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ചും, വിപണന രംഗം ശക്തിപ്പെടുത്തിയും ആവശ്യമായ ധനസഹായം നൽകിയും പ്രവർത്തനം മെച്ചപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കഴിഞ്ഞ മൂന്ന് വർഷമായി 563.68 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള വികസന പദ്ധതികൾക്കായി അനുവദിച്ചു വരുന്നു.

സംസ്ഥാനത്തിന്റെ വൈദ്യുതി കമ്മി

25 (*355) ശ്രീ. പി. കെ. ബഷീർ :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. സി. മോയിൻ കുട്ടി :

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വൈദ്യുതി കമ്മി ലഘൂകരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ പത്ത് വർഷത്തിനിടെ പുതിയ പദ്ധതികൾക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ ഏതൊക്കെ പ്രോജക്ടുകൾ യാഥാർത്ഥ്യമാക്കാൻ സാധിച്ചു എന്നതിന്റെ വിശദവിവരം നൽകാമോ ;

(സി) ഈ വർഷം നവംബർ മാസത്തിൽ സംസ്ഥാനത്തിന്റെ വൈദ്യുത കമ്മി എത്രയായിരുന്നു; ഈ കാലത്ത് ഉപയോഗിച്ച വൈദ്യുതിയുടെ അനുപാതം, ജലവൈദ്യുത, താപനിലയങ്ങൾ, ആണവനിലയങ്ങൾ, പാരമ്പര്യേതര സ്രോതസ്സുകൾ എന്നിവയിൽ നിന്നുള്ളതിന്റെ ലഭ്യത എന്നിവ വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഉണ്ട്. കഴിഞ്ഞ പത്തു വർഷത്തിനിടെ വൈദ്യുതി ബോർഡ് ഭരണാനുമതി നൽകിയ 38 ജലവൈദ്യുതി പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* വൈദ്യുതി കമ്മി ലഘൂകരിക്കുന്നതിന്റെ ഭാഗമായി 27-ഓളം ജല വൈദ്യുത പദ്ധതികളുടെ DPR 6/2016-നകം പൂർത്തീകരിക്കത്തക്ക വിധത്തിൽ ജോലികൾ പുരോഗമിക്കുന്നു. കഴിഞ്ഞ പത്തു വർഷത്തിനിടെ പൂർത്തീകരിച്ച ചെറുകിടജലവൈദ്യുത പദ്ധതികളെക്കുറിച്ചുള്ള വിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.*

കേരളത്തിൽ വൻകിട താപ വൈദ്യുത നിലയങ്ങൾ കഴിഞ്ഞ പത്തു വർഷങ്ങളിൽ പരിഗണനയ്ക്കെടുത്തത് താഴെ കൊടുത്തിരിക്കുന്നു :

ക്രമ നമ്പർ	പദ്ധതി	സ്ഥാപിത ശേഷി (MW)
1	ബ്രഹ്മപുരം കൽക്കരി പ്രോജക്ട്	400
2	കൊച്ചിൻ പെറ്റ് കോക്ക് പദ്ധതി	500
3	പുതുവൈപ്പിനിൽ എൽ. എൻ.ജി ഉപയോഗിച്ചുള്ള പദ്ധതി	1200
4	ചീമേനിയിൽ താപ വൈദ്യുത പദ്ധതി	1200
5	കായംകുളം വിപുലീകരണ പദ്ധതി, എൻ.ടി.പി.സി.	1050
6	ബ്രഹ്മപുരത്ത് കേടായ ഡീസൽ യൂണിറ്റുകൾക്ക് പകരം എൽ.എൻ.ജി. ഉപയോഗിച്ച പദ്ധതി.	36

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇവയുടെ പ്രോജക്ട് റിപ്പോർട്ടുകൾ/സാധ്യതാ പഠന റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇവയിൽ വാതകാധിഷ്ഠിത നിലയങ്ങൾ, വാതക ദൗർലഭ്യം, പൈപ്പ് ലൈനിന്റെ അഭാവം എന്നീ കാരണങ്ങളാൽ തുടങ്ങാൻ കഴിഞ്ഞിട്ടില്ല. പെറ്റ്കോക്ക് പദ്ധതിയ്ക്ക് എഫ്.എ.സി.റ്റി. (FACT)-യുടെ സ്ഥലം ലഭ്യമാകാത്തതാണ് തടസ്സം. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കഴിഞ്ഞ പത്തു വർഷത്തിനിടെ വൈദ്യുതി ബോർഡ് ഭരണാനുമതി നൽകിയ 38 ജല വൈദ്യുത പദ്ധതികളിൽ താഴെപ്പറയുന്ന ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ട്.

1.	റാന്നി-പെരുനാട്	4 MW
2.	പൂഴിത്തോട്	4 .8 MW
3.	പീച്ചി	1.25 MW
4.	വിലങ്ങാട്	7.5 MW
	ആകെ	17.55 MW

കൂടാതെ മേൽപ്പറഞ്ഞ 38 പദ്ധതികളിൽ 85.1 MW സ്ഥാപിതശേഷി വരുന്ന 8 ജലവൈദ്യുത പദ്ധകികളുടെ നിർമ്മാണം നടന്നു വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ പരിഗണിക്കപ്പെട്ട പരമ്പരേ്യതര ഊർജ്ജ പദ്ധതികൾ.

(a) കാറ്റിൽ നിന്നുള്ള പദ്ധതികൾ

ക്രമ നമ്പർ	പദ്ധതി	ഇപ്പോഴത്തെ അവസ്ഥ
(1)	(2)	(3)
1	സ്വകാര്യ സംരംഭകർ വഴി കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതി അഗളിയിലും, രാമക്കൽ മേട്ടിലും	അഗളിയിൽ (29 Nos)ഉം രാമക്കൽ മേട്ടിൽ (19 Nos) കാറ്റാടി നിലയങ്ങൾ വഴി ആകെ 32.85 മെഗാവാട്ട് സ്ഥാപിത ശേഷി കൂട്ടാൻ കഴിഞ്ഞു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
2	പാലക്കാട് ജില്ലയിൽ അഗളിയിൽ എൻ.എച്ച്.പി.സി. യുമായി ചേർന്ന് 82 മെഗാവാട്ട് പദ്ധതി	ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട് വൈദ്യുതി പ്രസരണത്തിനുള്ള സാധ്യതകൾ പരിശോധനയിലാണ്.
3	കഞ്ചിക്കോട്ട് "INOX" ന്റെ 22 മെഗാവാട്ട് പദ്ധതി	പ്രസരണ സാധ്യതാപഠനം പൂർത്തിയായി.

(b) സൗരോർജ്ജ പദ്ധതികൾ

നമ്പർ	പദ്ധതി	ഇപ്പോഴത്തെ അവസ്ഥ
1	കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്വന്തം നിലയിൽ നടപ്പിലാക്കാൻ ലക്ഷ്യം വയ്ക്കുന്ന പദ്ധതികൾ.	16.55206 മെഗാവാട്ടിന്റെ 14 പദ്ധതികൾ ഘട്ടം ഘട്ടമായി പുരോഗമിക്കുന്നു.
2	മറ്റ് ഏജൻസികൾ വഴി നടപ്പിൽ വരുത്താൻ ലക്ഷ്യമിടുന്ന പദ്ധതികൾ. 1.NHPC-യുമായി ചേർത്ത് കിഴക്കേ കല്ലടയിലെ ചണ്ണപ്പ് നിലങ്ങളിൽ ഉദ്ദേശിക്കുന്ന 50 മെഗാവാട്ട് പദ്ധതി	NHPC,DPR തയ്യാറാക്കുന്നുണ്ട്.
	2. ഉപഭോക്താക്കൾ സ്ഥാപിക്കുന്ന ഗ്രിഡ് കണക്ടഡ് പദ്ധതികൾ (32 അപേക്ഷകൾ)ആകെ 0.71861 മെഗാവാട്ട്.	10 KW ഗ്രിഡുമായി കണക്ട് ചെയ്യ. ശേഷിക്കുന്നത് ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് കണക്ട് ചെയ്യുന്നതാണ്.

(സി) 2014 നവംബർ മാസത്തിലെ വൈദ്യുതി കമ്മി 275 ദശലക്ഷം യൂണിറ്റായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. നവംബർ മാസത്തിലെ മൊത്തം ഉപഭോഗം വൈദ്യുതി നിയന്ത്രണങ്ങളോടെ 1772 ദശലക്ഷം യൂണിറ്റായിരുന്നു. (വൈദ്യുതി നിയന്ത്രണത്തോടെ പരിഹരിച്ചത് 23 ദശലക്ഷം യൂണിറ്റായിരുന്നു. ബാക്കി കമ്മിയായി 252 ദശലക്ഷം യൂണിറ്റ് URS. Deviation settlement(UI), പവർ എക്സ്ചേഞ്ച് എന്നിവയിലൂടെയാണ് നികത്തിയത്.) ശേഷമുള്ള 1520 ദശലക്ഷം യൂണിറ്റ് ഉത്പാദിപ്പിച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

1.	ജലവൈദ്യുതി (K.S.E.B.L)	512.52 ദശ ലക്ഷം യൂണിറ്റ് (33.718%)
2.	താപവൈദ്യുതി	
	(a) BDPP+KDPP (K.S.E.B.L)	19.7014 ദശ ലക്ഷം യൂണിറ്റ്
	(b) RGCCPP(കായംകുളം)+BSES	135.7573 ദശ ലക്ഷം യൂണിറ്റ്
	(c) കേന്ദ്ര വിഹിതം	748.4118 ദശ ലക്ഷം യൂണിറ്റ്
	മൊത്തം	903.8705 ദശ ലക്ഷം യൂണിറ്റ് (59.5%)
3.	ആണവ വൈദ്യുതി (കേന്ദ്ര വിഹിതം)	41.55 ദശ ലക്ഷം യൂണിറ്റ് (2.7%)
4.	പാരമ്പര്യേതര സ്രോതസ്സുകൾ K.S.E.B.L -ന്റെയും സ്വകാര്യ ഉടമസ്ഥതയിലും ഉള്ള ചെറുകിട ജലവൈദ്യുതി (25 MW ന് താഴെ) കാറ്റിൽ നിന്നുള്ള വൈദ്യുതി co-generation എന്നിവ ഉൾപ്പെടുന്നു.	62.41 ദശ ലക്ഷം യൂണിറ്റ്(4.1%)

ഭവനരഹിതർക്ക് ഭവനം നിർമ്മിച്ചു നൽകുന്ന പദ്ധതി

26 (*356) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യത്തെ മുഴുവൻ ഭവനരഹിതർക്കും അഭയമൊരുക്കണമെന്ന സുപ്രീം കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly